## ORTHODOX SYRIAN SUNDAY SCHOOL ASSOCIATION OF THE EAST

**CLASS 6 (OSSAEEXAM 2025)**

**1) യേശുക്രിസ്തു വിശുദ്ധ കുർബാന സ്ഥാപിച്ച സ്ഥലം?**

**A) സെഹിയോൻ മാളിക**

B) ബേത്‌ലഹേം

C) ഗലീലാ മാളിക

D) യെറുശലേം ദേവാലയം

**2) പുതിയ ഉടമ്പടിയുടെ വാഗ്ദാനമായി യേശു നൽകിയത് എന്താണ്?**

**A) തിരുശരീര രക്തങ്ങൾ**

B) വിമോചനം

C) കൂദാശ

D) പെസഹ പെരുന്നാൾ

**3) ആദ്യ മാതാപിതാക്കളുടെ അനുസരണക്കേടിന്റെ ഫലം എന്തായിരുന്നു**

**A) ശാപവും മരണവും മനുഷ്യവർഗ്ഗത്തിനുണ്ടായി.**

B) പറുദീസയിലേക്ക് പ്രവേശനം ലഭിച്ചു.

C) സൃഷ്ടിയുടെ കാര്യവിചാരകനായി മനുഷ്യനെ നിയമിച്ചു.

D) ആദാമും ഹവ്വായും വിവാഹിതരായി.

**4) യേശു മൂന്നു പ്രാവശ്യം കവിണ്ണുവീണ് പ്രാർത്ഥിച്ചത് എവിടെ വച്ചായിരുന്നു?**

**A) ഗത്സമന തോട്ടത്തിൽ.**

B) ഗലീല കടൽ തീരത്ത്.

C) ബഥാനിയിലെ ലാസറിന്റെ ഭവനത്തിൽ.

D) മർക്കോസിന്റെ മാളികയിൽ.

**5) പീഡാസഹനത്തെയും കുരിശു മരണത്തെയും യേശു നേരിട്ടത് എപ്രകാരമായിരുന്നു?**

**A) സൗമ്യതയോടും പ്രശാന്തതയോടും.**

B) ദേഷ്യത്തോടും വിദ്വേഷത്തോടും.

C) നിരാശയോടും ദുഃഖത്തോടും.

D) ആശങ്കയോടും അസ്വസ്ഥതയോടും.

**6) യേശുവിനെതിരെ ഹന്നാവ് ഉന്നയിച്ച ആരോപണങ്ങളിൽ ഉൾപ്പെട്ടത് ഏത്?**

**A) യേശു ശിഷ്യന്മാരെ റോമൻ ഭരണകൂടത്തിനെതിരെ സംഘടിപ്പിക്കുന്നു.**

B) യേശു അത്ഭുതങ്ങൾ പ്രവർത്തിപ്പിക്കുന്നു.

C) യേശു ഉപമകളിൽ കൂടി പഠിപ്പിക്കുന്നു.

D) യേശു ശിഷ്യന്മാരെ തെരഞ്ഞെടുത്തു.

**7) യേശുവിന്റെ കുരിശിന്റെ മേലെഴുത്തായി രേഖപ്പെടുത്തിയത് എന്താണ്?**

**A) നസ്രായനായ യേശു യഹൂദന്മാരുടെ രാജാവ്.**

B) ഇവൻ സാക്ഷാൽ ദൈവപുത്രൻ.

C) ഇവൻ യഹൂദന്മാരുടെ രാജാവ്.

D) നസ്രായനായ യേശു ലോക രക്ഷിതാവ്.

**8) 'ഇതാ നിന്റെ അമ്മ' എന്ന് യേശു ആരോടാണ് പറഞ്ഞത്?**

**A) ശിഷ്യനായ യോഹന്നാൻ.**

B) പത്രോസ് ശ്ലീഹാ.
C) മഗ്ദലനക്കാരി മറിയ.
D) കുറേനക്കാരനായ ശീമോൻ.

**9) 'കുരിശിക്കപ്പെട്ട യേശു ഉയിർത്തെഴുന്നേറ്റിരിക്കുന്നു' എന്ന് മാലാഖ ആരോടാണ് പറഞ്ഞത്?**
**A) സ്ത്രീകളോട്.**
B) കന്യകമറിയാം.
C) പരീശന്മാർ.
D) ആട്ടിടയന്മാരോട്.

**10) 'ഓ മറിയാമേ! ഞാൻ തോട്ടക്കാരൻ തന്നെ' എന്ന ഗീതം ആലപിക്കുന്നത് ഏതു പെരുന്നാളിൽ?**
**A) ക്യംതാ പെരുന്നാൾ.**
B) യൽദോ പെരുന്നാൾ.
C) ദുഃഖ ശനിയാഴ്ച.
D) പകുതി നോമ്പ്.

**11) യിസ്രായേൽ ജനത്തിന് ആവശ്യമായ നിയമസംഹിതകൾ ആരിലൂടെയാണ് യഹോവയാം ദൈവം നൽകിയത്?**
**A) മോശ**
B) ഗിദയോൻ
C) ശമുവേൽ
D) ദാവീദ്

**12) താഴെപ്പറയുന്നവയിൽ പത്ത് കൽപ്പനകളിൽ ഉൾപ്പെടാത്തത് ഏതാണ്?**
**A) ശത്രുക്കളെ സ്നേഹിക്കരുത്.**
B) കൊല ചെയ്യരുത്.
C) വ്യഭിചാരം ചെയ്യരുത്.
D) മോഷ്ടിക്കരുത്.

**13) ഈജിപ്തിലെ ആദ്യജാതന്മാരും മൃഗങ്ങളുടെ കടിഞ്ഞൂലുകളും ആരുടെ വാളിനാണ് ഇരയായത്?**
**A) സംഹാരദൂതൻ.**
B) മോശ.
C) ശിപ്രയും പൂവയും.
D) അമാലേക്യർ.

**14) ഈജിപ്തിൽ നിന്നും വാഗ്ദത്ത ദേശമായ കനാനിലേക്കുള്ള യിസ്രായേല്യരുടെ യാത്രയെ സംബന്ധിക്കുന്ന തെറ്റായ പരാമർശം തെരഞ്ഞെടുക്കുക.**
**A) ഇവയെല്ലാം തെറ്റായ പരാമർശങ്ങളാണ്.**
B) മോശ അവർക്ക് പിന്നാലെ നടന്നു.
C) രാത്രിയിൽ ചൂടിൽ നിന്നും രക്ഷിക്കാൻ മേഘസ്തംഭം ഉണ്ടായിരുന്നു.
D) പകലിലെ വെളിച്ചത്തിനായി അഗ്നി തൂണുണ്ടായിരുന്നു.

**15) മിര്യാമിന്റെ പാപം, അഹറോന്റെ മരണം, അഗ്നിസർപ്പങ്ങളും പിച്ചളസർപ്പവും മുതലായവ പരാമർശിക്കുന്ന പഴയ നിയമ പുസ്തകം ഏതാണ്?**
**A) സംഖ്യാ പുസ്തകം.**
B) ഉല്പത്തി പുസ്തകം.
C) സദൃശ്യവാക്യങ്ങൾ.
D) യോവേൽ.

**16) സാക്ഷ്യപെട്ടകം നിന്ന സ്ഥലത്ത് നിന്നും പന്ത്രണ്ട് കല്ലുകൾ എടുത്ത് കരയിൽ സ്ഥാപിച്ചത് ആരാണ്?**

A) **യോശുവ.**
B) ഗിദയോൻ.
C) യിഫ്താഹ്.
D) ദാവീദ്.

**17) യോശുവയുടെ ജീവിതത്തിലെ ഏറ്റവും സുപ്രധാനമായ ദൗത്യ നിർവഹണം ഏതായിരുന്നു?**

A) **യെറീഹോ മതിൽ തകർന്നത്.**
B) ചെങ്കടൽ വിഭജിച്ചത്.
C) സാക്ഷ്യപട്ടകം പണിതത്.
D) യെറുശലേം ദേവാലയത്തിന് അടിത്തറ സ്ഥാപിച്ചത്.

**18) അയ്യാലോൻ താഴ്വരയിൽ നടന്ന അത്ഭുതം എന്താണ്?**

A) **സൂര്യനും ചന്ദ്രനും നിശ്ചലരായി.**
B) മാറായിലെ വെള്ളം മധുരമുള്ളതായി.
C) പിച്ചള സർപ്പത്തെ സ്ഥാപിച്ചു.
D) സാക്ഷ്യപെട്ടകം പ്രത്യക്ഷപ്പെട്ടു.

**19) കനാൻ ദേശം വിഭജിച്ചപ്പോൾ രൂബേൻ, ഗാദ് എന്നീ ഗോത്രങ്ങൾക്ക് ലഭിച്ച പ്രദേശം എവിടെയാണ്?**

A) **യോർദാൻ നദിയുടെ കിഴക്കുവശം.**
B) യോർദാൻ നദിയുടെ പടിഞ്ഞാറുവശം.
C) ഗലീലാ കടലിന് കിഴക്കുവശം.
D) ചെങ്കടലിന് പടിഞ്ഞാറുവശം.

**20) 'ഞാനും എന്റെ കുടുംബവുമോ ഞങ്ങൾ യഹോവയെ സേവിക്കും'. ഇത് ആരുടെ പ്രഖ്യാപനമാണ്?**

A) **യോശുവ.**
B) നഹൂം.
C) ദാവീദ്.
D) ശലോമോൻ.

**21) സങ്കീർത്തനങ്ങളിൽ ഏറ്റവും കൂടുതൽ എണ്ണം രചിച്ചത് ആരാണ്?**

A) **ദാവീദ്**
B) മോശ
C) യേശുക്രിസ്തു
D) ശലോമോൻ

**22) 51-ാം സങ്കീർത്തനം പൂർത്തിയാക്കുക. 'എന്നാൽ നീതിയിൽ നീ ഇഷ്ടപ്പെട്ടു. നിന്റെ ........ എന്നെ നീ അറിയിച്ചു. നിന്റെ സോപ്പാ കൊണ്ട് എന്റെ മേൽ തളിക്കേണമേ.'**

A) **ജ്ഞാനത്തിന്റെ രഹസ്യങ്ങൾ.**
B) പാപത്തിന്റെ വഴി.
C) രക്ഷയുടെ മാർഗ്ഗം.
D) തിരുവചനത്തിന്റെ സത്യങ്ങൾ.

**23) സൂത്താറാ നമസ്കാരത്തിൽ ചൊല്ലുന്ന ഒരു സങ്കീർത്തനം ഏതാണ്?**

A) **91**
B) 15
C) 51

D) 83

**24) 121-ാം സങ്കീർത്തനം അറിയപ്പെടുന്നത് എങ്ങനെ?**
**A) ആരോഹണഗീതം.**
B) ഉത്തമഗീതം.
C) അനുതാപത്തിന്റെ കീർത്തനം.
D) അവരോഹണ ഗീതം.

**25) സ്രോപ്പേന്മാരെ ദർശനത്തിൽ കണ്ട പ്രവാചകൻ ആരാണ്?**
**A) യെശയ്യാവ്**
B) യിരമ്യാവ്
C) മീഖാ
D) യോവേൽ

**26) ഗീതഭാഗം പൂർത്തിയാക്കുക.**
**കാണായ് വാൻ നിൻ ദൈവത്വം -**
**മുഖം അവർ മൂടുന്നിരുചിറകാൽ -**
**എരിയായ് വാൻ നിൻ ........ -**
**ഇരുചിറകാലെ കാലുകളും. '**
**A) ജ്വാലയതിൽ**
B) മനുഷ്യത്വം
C) മേഘത്തിൽ
D) വസ്ത്രത്താൽ

**27) ദൈവത്തിന് സ്തുതി എന്ന അർത്ഥം വരുന്ന വാക്ക് ഏതാണ്?**
**A) ഹാലേലുയ്യ**
B) കുറിയേലായിസൻ
C) മെമ്രാ
D) കുക്കിലിയോൻ

**28) 'ദൈവത്തിന്റെ മക്കളായിത്തീരുവാൻ' എന്ന് ആരംഭിക്കുന്നപ്രാർത്ഥന പൂർത്തീകരിക്കുക. അഴിവില്ലാത്ത ലോകമായ സ്വർഗ്ഗരാജ്യത്തിൽ നീതിമാന്മാരോടും പുണ്യവാന്മാരോടും കൂടെ ........ അവരെ ആശ്വസിപ്പിക്കും. കർത്താവേ, കൃപ ചെയ്ത് സഹായിക്കേണമേ.**
**A) ദൈവപുത്രൻ**
B) പരിശുദ്ധാത്മാവ്
C) പരിശുദ്ധ ത്രിത്വം
D) വിശുദ്ധന്മാർ

**29) മൊറിയോ റാഹേം മേലൈൻ വ് ആദാറൈൻ എന്നതിന്റെ അർത്ഥം എന്താണ്?**
**A) കർത്താവേ, കൃപ ചെയ്തു ഞങ്ങളെ സഹായിക്കേണമേ.**
B) കർത്താവേ, ഞങ്ങളോട് കരുണ ചെയ്യേണമേ.
C) കർത്താവേ, ഉത്തരമരുളി ഞങ്ങളോട് കരുണ ചെയ്യേണമേ.
D) ദൈവമേ, നിനക്ക് സ്തുതി.

**30) യേശുക്രിസ്തുവിന്റെ ജീവിതകാലത്ത് യെറുശലേം, ഏതു സാമ്രാജ്യത്തിന്റെ ഭരണത്തിൻ കീഴിലായിരുന്നു?**
**A) റോമൻ**
B) അസീറിയൻ
C) പേർഷ്യൻ
D) ഈജിപ്ഷ്യൻ

**31) റോമൻ സാമ്രാജ്യത്തിൽ സുവിശേഷം പ്രഘോഷിക്കുവാൻ ശ്ലീഹന്മാർ പ്രധാനമായും ഉപയോഗിച്ച ഭാഷ ഏതാണ്?**

**A) ഗ്രീക്ക്**
B) ജർമ്മൻ
C) സുറിയാനി
D) അറബി

**32) താഴെപ്പറയുന്നവയിൽ മാർത്തോമ്മാ ശ്ലീഹാ സ്ഥാപിച്ചതായി കരുതപ്പെടുന്ന ഏഴര പള്ളികളിൽ ഉൾപ്പെടാത്തത് ഏതാണ്?**

**A) കോതമംഗലം**
B) തിരുവിതാംകോട്
C) കൊല്ലം
D) നിരണം

**33) മുസരിസ്, മഹോദയപുരം, മാലിയാങ്കര എന്നീ പേരുകളിൽ അറിയപ്പെടുന്ന മാർത്തോമ്മാ ശ്ലീഹായുമായി ബന്ധപ്പെട്ട സ്ഥലം ഏതാണ്?**

**A) കൊടുങ്ങല്ലൂർ**
B) കൊല്ലം
C) നിലക്കൽ
D) ചായൽ

**34) 24 മൂപ്പന്മാർ ഇടയ്ക്കിടയ്ക്ക് തങ്ങളുടെ കിരീടം മാറ്റിവെച്ച് കുമ്പിട്ട് നമസ്കരിക്കുന്നത് ആരെയാണ്?**

**A) കുഞ്ഞാടായ യേശുക്രിസ്തുവിനെ**
B) ആശ്വാസദാതാവായ പരിശുദ്ധാത്മാവ്
C) ക്രിസ്തുവിന്റെ മണവാട്ടിയായ സഭ
D) ശ്ലീഹന്മാരെയും പ്രവാചകരെയും

**35) താഴെപ്പറയുന്നവരിൽ കപ്പദോക്യൻ പിതാക്കന്മാരിൽ ഉൾപ്പെടാത്തത് ആരാണ്?**

**A) സ്വർണ്ണനാവുകാരനായ ഈവാനിയോസ്**
B) കൈസര്യായിലെ ബസേലിയോസ്
C) നാസിയാൻസിലെ ഗ്രിഗോറിയോസ്
D) നിസ്സായിലെ ഗ്രിഗോറിയോസ്

**36) 'അയ്യോ, ഞാൻ അരിഷ്ട മനുഷ്യൻ' എന്ന് വിലപിച്ചത് ആരാണ്?**

**A) പൗലോസ് ശ്ലീഹാ**
B) പത്രോസ് ശ്ലീഹാ
C) ഹോശയ പ്രവാചകൻ
D) യോനാ പ്രവാചകൻ

**37) ഒക്ടോബർ മാസത്തിലെ അവസാനമോ നവംബർ മാസത്തിന്റെ ആദ്യമോ വരുന്ന ഞായറാഴ്ച അറിയപ്പെടുന്നത് എങ്ങനെ?**

**A) കൂദോശ് ഈത്തോ**
B) ക്യംതാ ഈത്തോ
C) മായൽത്തോ
D) പെത്രത്താ

**38) യോഹന്നാന്റെ ജനനം, യൗസേപ്പിന് ഉണ്ടായ വെളിപ്പാട്, യേശുവിന്റെ വംശാവലി എന്നിവ ഏവൻഗേല്യോൻ ഭാഗമായി വരുന്ന ഞായറാഴ്ചകൾ ഏത് മാസത്തിലാണുള്ളത്? (**

**A) ഡിസംബർ**
B) മാർച്ച്

C) ജനുവരി
D) ജൂലൈ

**39) പാപം ചെയ്യാതെ നന്മ മാത്രം ചെയ്തിട്ടുള്ളതായി ഭൂമിയിൽ ജീവിച്ചിട്ടുള്ള ഏക വ്യക്തി ആരാണ്?**
**A) യേശു ക്രിസ്തു**
B) യോഹന്നാൻ സ്നാപകൻ
C) കന്യകമറിയാം
D) വിശുദ്ധ പൗലോസ് ശ്ലീഹാ

**40) പരിശുദ്ധാത്മ അഭിഷേകത്തിന്റെ അടയാളം എന്താണ്?**
**A) മൂറോൻ**
B) സൈത്ത്
C) കന്തീലാ
D) മർബഹാസ

**41) താഴെപ്പറയുന്നവയിൽ തെറ്റായ പരാമർശം തിരഞ്ഞെടുക്കുക.**
**A) പരിശുദ്ധാത്മാവ് കൃപാവരങ്ങൾ വ്യക്തിയുടെ നേട്ടത്തിനായി നൽകുന്നു.**
B) കൂദാശകളിൽ കൂടി പരിശുദ്ധാത്മാവ് ദൈവീകരണത്തിലേക്ക് നയിക്കും.
C) കൂദാശാനുഷ്ഠാനങ്ങൾ സാമൂഹ്യപരമാണ്.
D) വിശ്വാസത്തോടെ കൂദാശകളിൽ സംബന്ധിക്കുന്നവർക്ക് കൃപ ലഭിക്കും.

**42) ആത്മാവിന്റെ ഫലത്തിൽ ഉൾപ്പെടാത്തത് തിരഞ്ഞെടുക്കുക.**
**A) ബുദ്ധിശക്തി**
B) സമാധാനം
C) വിശ്വസ്തത
D) ദയ

**43) ഹൃദയശുദ്ധീകരണം പ്രാപിക്കുന്നതിന് ക്രൈസ്തവ സന്യാസിമാർ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ എന്തെല്ലാം?**
**A) ഇവയെല്ലാം ശരിയാണ്.**
B) വേദപുസ്തക വായന.
C) ആരാധന.
D) ഉപവാസം

**44) വിശുദ്ധ അന്തോണിയോസിനെ സന്യാസ ജീവിതത്തിലേക്ക് ആകർഷിച്ച വേദഭാഗം ഏതാണ്?**
**A) വി. മത്തായി 19:21**
B) 1 കൊരിന്ത്യർ 4:13
C) 2 തീമോത്തിയോസ് 3:2
D) വെളിപ്പാട് 6:4

**45) വി. പക്കോമിയോസിന്റെ പ്രധാന സവിശേഷത എന്താണ്?**
**A) സന്യാസ ജീവിതചര്യയെ ചിട്ടപ്പെടുത്തി.**
B) റോമൻ സാമ്രാജ്യത്തിൽ സുവിശേഷഘോഷത്തിനു പുറപ്പെട്ടു.
C) കപ്പദോക്യൻ പിതാക്കന്മാരിൽ ഒരാളാണ്.
D) വി. അന്തോണിയോസിന് മാമോദീസാ നൽകി.

**46) 'സ്നേഹിതന്മാർക്ക് വേണ്ടി ജീവനെ കൊടുക്കുന്നതിലും അധികമുള്ള സ്നേഹം ആർക്കും ഇല്ല'. ആരുടെ വാക്കുകളാണ് ഇത്?**
**A) യേശുക്രിസ്തു**
B) പൗലോസ് ശ്ലീഹാ
C) യോഹന്നാൻ ശ്ലീഹാ

D) മുടിയനായ പുത്രന്റെ പിതാവ്

**47) സ്ലീബാദാസ സമൂഹത്തിന്റെ സ്ഥാപകൻ ആരാണ്?**
**A) പത്രോസ് മാർ ഒസ്താത്തിയോസ്.**
B) ഫീലിപ്പോസ് മാർ തെയോഫിലോസ്.
C) ഗീവർഗീസ് മാർ പീലക്സിനോസ്.
D) സ്തേഫാനോസ് മാർ തേവോദോസിയോസ്

**48) ഉചിതമായ വാക്ക് തിരഞ്ഞെടുത്തു പൂരിപ്പിക്കുക.**
**'ഏദൻതോട്ടത്തിൽ മനുഷ്യനെ സൃഷ്ടിച്ച് കാര്യവിചാരകനായി നിയമിച്ചാക്കിയപ്പോൾ ദൈവം അവന്........ നൽകിയിരുന്നു'.**
**A) സ്വാതന്ത്ര്യം**
B) സ്വാർത്ഥത
C) സർവ്വാധിപത്യം
D) സാക്ഷ്യം

**49) ധാർമിക നിയമങ്ങളുടെ ഉദ്ദേശ്യം എന്താണ്?**
**A) ഇവയെല്ലാം ശരിയാണ്.**
B) തിന്മയെ ചെറുക്കുക.
C) നന്മയിൽ നിലനിൽക്കുക.
D) അനശ്വര നന്മയിലേക്ക് മനുഷ്യനെ നയിക്കുക.

**50) പ്രാർത്ഥനാഭാഗം പൂരിപ്പിക്കുക. കരുണയുള്ള ദൈവമേ, നിന്റെ വാതിലിൽ ഞങ്ങളുടെ അപേക്ഷയുടെ സ്വരം മുട്ടുന്നു. നിന്നെ .......... ആവശ്യങ്ങളെ നീ വിരോധിക്കരുതേ'.**
**A) വന്ദിക്കുന്നവരുടെ**
B) സ്തുതിക്കുന്നവരുടെ
C) പാടുന്നവരുടെ
D) ആശ്രയിക്കുന്നവരുടെ